# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **11-10-2021 - ൽ മറുപടിയ്ക്ക്**

## കൊല്ലം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ രൂപീകരണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം പട്ടണത്തിന്റെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി GIS based മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പുരോഗമിക്കുകയാണ്. കൊല്ലം പട്ടണവും നീണ്ടകര, കൊറ്റംകര എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്നതും 2012-ൽ പ്രസിദ്ധീകരിച്ചതുമായ Greater Kollam Development പ്ലാനിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) രൂപീകരിക്കുന്നതിനായി നീണ്ടകര, കൊറ്റംകര എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള റെസൊല്യൂഷൻ ലഭിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽ നിന്നുള്ള റെസൊല്യൂഷൻ കൂടി ലഭിച്ചതിന് ശേഷം J.P.C രൂപീകരിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ